entri

# Current affairs 22 Dec 2025

### ദേശീയ ഗണിത ശാസ്ത്ര ദിനം

ഡിസംബർ 22

- ഇന്ത്യൻ ഗണിതശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് എല്ലാ വർഷവും ഡിസംബർ 22ന് ദേശീയ ഗണിത ദിനമായി ആഘോഷിക്കുന്നു.

---

### 2025 ഡിസംബറിൽ അന്തരിച്ച മലയാള ചലച്ചിത്ര നടനും സംവിധായകനും തിരക്കഥാകൃത്തുമായ വ്യക്തി

ശ്രീനിവാസൻ

- 1956ൽ തലശേരിക്കടുത്തുള്ള പാട്യത്തായിരുന്നു ജനനം.
- 1976-ൽ പി.എ. ബക്കറുടെ മണിമുഴക്കം എന്ന ചിത്രത്തിലൂടെയാണ് നടനായി തന്റെ കരിയർ ആരംഭിച്ചത്.
- 1979-ൽ പുറത്തിറങ്ങിയ 'സംഘഗാന'മാണ് നായകനായ ആദ്യചിത്രം.
- പ്രിയദർശൻ സംവിധാനം ചെയ്ത 'ഓടരുതമ്മാവാ ആളറിയാം' ആണ് തിരക്കഥാകൃത്തെന്ന നിലയിൽ ആദ്യ ചിത്രം.
- വടക്കുനോക്കിയന്ത്രം, ചിന്താവിഷ്ടയായ ശ്യാമള എന്നിവയാണ് സംവിധാനം ചെയ്ത ചിത്രങ്ങൾ.
- ചിന്താവിഷ്ടയായ ശ്യാമള എന്ന ചിത്രത്തിന് സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന മികച്ച ചിത്രത്തിനുള്ള 1998 ലെ ദേശീയ പുസ്കാരം ലഭിച്ചു.
- മികച്ച തിരക്കഥ (സന്ദേശം), മികച്ച തിരക്കഥ (മഴയെത്തും മുമ്പേ), മികച്ച ജനപ്രിയ ചിത്രം (ചിന്താവിഷ്ടയായ ശ്യാമള), മികച്ച ചിത്രം (വടക്കുനോക്കിയന്ത്രം), പ്രത്യേക ജൂറി പുരസ്കാരം (തകരച്ചെണ്ട) എന്നീ വിഭാഗങ്ങളിലായി സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾക്ക് അർഹനായി.

---

### 2024-25ലെ സംസ്ഥാന ആഭ്യന്തര വരുമാനത്തെ (GSDP) അടിസ്ഥാനപ്പെടുത്തിയുള്ള പ്രതിശീർഷ വരുമാനത്തിന്റെ കണക്കിൽ രാജ്യത്ത് കേരളത്തിന്റെ സ്ഥാനം

7

- 2024-25ലെ ഡാറ്റ പ്രകാരം കേരളത്തിന്റെ സ്ഥാനം 09 ആയിരുന്നു.










4.8 ★ Download the app now | Learn in Malayalam